# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ–3741** **11.11.2019 ലെ മറുപടിക്ക്**

**<u>നോർക്കയിൽ അംഗത്വമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നോർക്കയിൽ ആർക്കൊക്കെ അംഗത്വമെടുക്കാമെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) വിദേശത്ത് രേഖാമൂലം 6 മാസത്തിൽ കൂടുതൽ ജോലി ചെയ്യുകയോ, താമസിക്കുകയോ ചെയ്യുന്ന 18 വയസ്സ് പൂർത്തിയായവർക്ക് നോർക്കാ തിരിച്ചറിയൽ കാർഡിന് അപേക്ഷ നൽകാവുന്നതാണ്. തിരിച്ചറിയൽ കാർഡിന്റെ കാലാവധി 3 വർഷമാണ്. പ്രവാസി തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷ ഓൺലൈനായി www.norkaroots.org എന്ന വെബ്സൈറ്റ് മുഖാന്തിരം സമർപ്പിക്കാ വുന്നതാണ്. ഓൺലൈൻ പെയ്മെന്റ് ആയി 315 രൂപയാണ് തിരിച്ചറിയൽ കാർഡിനായി അടക്കേണ്ടത്. |
| (ബി) നോർക്ക വഴി പ്രവാസികൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) നോർക്ക റൂട്ട്സ് വഴി പ്രവാസികൾക്ക് നൽകി വരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.<br>(1)തിരികെയെത്തിയ ദുരിത ബാധിതരായ പ്രവാസികൾക്കുള്ള സാന്ത്വന ധനസഹായ പദ്ധതി – പ്രവാസി ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തി നായി രൂപീകരിച്ച ദുരിതാശ്വാസ നിധി.<br>(2)തിരികെയെത്തിയ പ്രവാസികളെ സംരംഭകരാകാൻ സഹായിക്കുന്ന പുനരധിവാസ പദ്ധതി (എൻ.ഡി.പ്രേം) – തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്ന തിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (എൻ.ഡി.പ്രേം)<br>(3)എമർജൻസി റിപാട്രിയേഷൻ പദ്ധതി, പൊതുമാപ്പ് – യുദ്ധം, ആഭ്യന്തര കലാപം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽനിന്നും |

പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ മിക്കപ്പോഴും വിദേശ കാര്യ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി മാറ്റേണ്ടതായി വരുന്നു.

(4)നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും - വിദേശതൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീയുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.

(5)സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ - വിദേശത്ത് ജോലിയ്ക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി. സി. സി രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ (എച്ച്.ആർ.ഡി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, കോഴിക്കോട് എറണാകുളം മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുള്ളത്.

(6) വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ് - വിദേശ രാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്.

(7)പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും സുരക്ഷിതവും നിയമപരവും ധാർമ്മികപരവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക സമഗ്രമായ പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

(8)ജോബ് പോർട്ടൽ - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽ ദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

(9) നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് - അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത്

മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. ഇപ്പോൾ ഈ സേവനം മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

(10)പ്രവാസി നിയമസഹായപദ്ധതി - കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ.

(11)ലോക കേരള സഭ - ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭ.

(12)നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(13)ലോക കേരള കേന്ദ്രം - കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസി കാര്യവകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(14)പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം - പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണ്.

(15)നോർക്ക ഫെയർ - ഇന്ത്യയിൽ നിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർ വിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽകാർഡ് ഉള്ള പ്രവാസികൾക്കും, കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ 7 ശതമാനം ഇളവ് നൽകാൻ ഒമാൻ എയർവേയ്സുമായി ധാരണയായിട്ടുണ്ട്. ഇതേ രീതിയിൽ ഇളവ് നൽകുന്നതിന് കുവൈറ്റ് എയർവെയ്സുമായി ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്.

(16)നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി) - കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാ ക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി.യുടെ ലക്ഷ്യം.

(17)നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം-വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ